**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട്ടിലെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട്ടിലെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പാഞ്ചാലിമേട് രണ്ടാം ഘട്ടം ടൂറിസം പദ്ധതിക്കായി 3 കോടി രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തികൾക്കായി 3,10,23,000 രൂപ അനുവദിച്ചിട്ടുള്ളതും ഹാബിറ്റാറ്റ് മുഖേന നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്.<br><br>വാഗമൺ അഡ്വഞ്ചർ പാർക്ക്, പാഞ്ചാലിമേട് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ പി.പി.പി മാതൃകയിൽ അഡ്വഞ്ചർ ആക്ടിവിറ്റികൾ, ഫ്ലവർ ഗാർഡൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ Destination Challenge പദ്ധതിയിൽ ഉൾപ്പെടുത്തി ഒട്ടകത്തലമേട് ടൂറിസം ഡെവലപ്മെന്റ് പദ്ധതി, തേക്കടി ടൂറിസം ഡെവലപ്മെന്റ് പദ്ധതി, ഏകയം വാട്ടർ ഫാൾസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മറ്റു ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിൽ Destination Challenge പദ്ധതിയിൽ ഉൾപ്പെടുത്തി ബ്യൂട്ടിഫിക്കേഷൻ ഓഫ് പാപ്പിനി മേട് വ്യൂ പോയിന്റ്, ചുനമക്കൽ വാട്ടർ ഫാൾസ്, ഡെവലപ്മെന്റ് ഓഫ് കനകക്കുന്ന് വ്യൂ പോയിന്റ്, നക്ഷത്രകുത്ത് വാട്ടർ ഫാൾസ് അറ്റ് പന്നൂക്കയം, ബ്യൂട്ടിഫിക്കേഷൻ ഓഫ് എരച്ചിൽ പാറ - കച്ചാരം വാട്ടർ ഫാൾസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ മൂന്നാർ മുതിരപ്പുഴയോര പാർക്ക്, ആമപ്പാറ ടൂറിസം കേന്ദ്രം, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ മൂന്നാം ഘട്ടം എന്നിവ പൂർത്തിയാക്കിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ വാഗമണ്ണിൻറെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കുമോ; | (സി) | പരിഗണനയിലില്ല.<br><br>പരിശോധിക്കാവുന്നതാണ്. |
| (ഡി) | വാഗമണ്ണിൽ ഒരു അന്താരാഷ്ട്ര ആർട്ട് വില്ലേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ഡി) | പരിഗണനയിലില്ല.<br><br>പരിശോധിക്കാവുന്നതാണ്. |
| (ഇ) | അവധി ദിവസങ്ങളിൽ വാഗമൺ ടൂറിസം കേന്ദ്രത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹാരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഇ) | അഡ്വഞ്ചർ പാർക്കിൽ എത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ ഡി.ടി.പി.സി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ